പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5654

29-07-2015 – ൽ മറുപടിയ്ക്ക്

## വളഞ്ഞവഴി ഫിഷ് ലാന്റിംഗ് സെന്റർ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ജി.സുധാകരൻ : | | ശ്രീ. കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി |
| എ) | അമ്പലപ്പുഴ വളഞ്ഞവഴിയിൽ ഫിഷ്ലാന്റിംഗ് സെന്റർ ആരംഭിക്കുന്ന കാര്യം പരിഗണനയിലു ണ്ടോ; | എ) | ഇല്ല. |
| ബി) | സുനാമി ഫണ്ടിൽ ഉൾപ്പെടുത്തി ഇതിനായി ഫണ്ട് അനുവദിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ടോ; | ബി) | വളഞ്ഞവഴി കടപ്പുറത്ത് ഫിഷ്ലാന്റിംഗ് സെന്റർ നിർമ്മിക്കുന്നതിന് സുനാമി ഫണ്ടിൽ ഉൾപ്പെടുത്തി ലേലഹാൾ നിർമ്മിക്കുന്നതിനായി 25 ലക്ഷം രൂപ അനുവദിച്ചതനുസരിച്ച് പ്രവൃത്തി നടപ്പാക്കുന്നതിനായി ടെണ്ട ർ നടപടികൾ സ്വീകരിക്കുകയുണ്ടായി. എന്നാൽ പല പ്രാവശ്യം ടെ ണ്ട ർ ക്ഷണിച്ചിരുന്നുവെങ്കിലും ആരും തന്നെ ടെണ്ട റിൽ പങ്കെടുക്കുകയുണ്ടായില്ല. സുനാമി പദ്ധതികൾ അവസാനിച്ചതിനാൽ ഈ പദ്ധതി നടപ്പാക്കിയിട്ടില്ല. |
| സി) | സുനാമി ഫണ്ടിൽ ഉൾപ്പെടുത്തി എത്ര രൂപയാണ് ഇതിനായി അനുവദിച്ചിരുന്നത് എന്ന് വ്യക്തമാക്കാമോ; | സി) | 25.00 ലക്ഷം രൂപ. |
| ഡി) | ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണം നടക്കാതിരിക്കുന്നതിന്റെ കാരണം വിശദമാക്കാമോ? | ഡി) | വളഞ്ഞവഴി കടൽത്തീരത്ത് ഫിഷ്ലാന്റിംഗ് സെന്റർ സ്ഥാപിക്കുവാൻ ഉദ്ദേശിച്ചിരുന്ന ഭാഗത്ത് മുൻപ് കടൽഭിത്തി നിലവിൽ ഇല്ലായിരുന്നു. എന്നാൽ തുടർച്ചയായി ഉ ണ്ടാകുന്ന കടലാക്രമണത്തിൽ നാശനഷ്ടങ്ങൾ ഉണ്ടാകുന്നതിനാൽ ഈ ഭാഗത്ത് ഇറിഗേഷൻ വകുപ്പ് കടൽഭിത്തി നിർമ്മിച്ച് കടൽത്തീരവും ലേലം നടക്കുന്ന സ്ഥലവും വേർതിരിക്കുകയുണ്ടായി. ആയതിനാൽ ലാന്റിംഗ് സെന്റർ നിർമ്മിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ